ആയതിനാൽ സി.ബി.ഐ. തുടങ്ങിയ മറ്റൊരു ഏജൻസി അന്വേഷിക്കേണ്ടതില്ലെന്ന് കാണിച്ച് പോലീസ് അഡീഷണൽ ഡയറക്ടർ ജനറൽ (ക്രൈംസ്) സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

സൈബർ കുറ്റകൃത്യങ്ങൾ

46 [3742] *ശ്രീ. എം. എ. വാഹീദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്റ്റേറ്റ് ക്രൈം റിക്കോർഡ് ബ്യൂറോയിലെ സൈബർ പോലീസ് സ്റ്റേഷനിൽ നാളിതുവരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) ഇവിടെ ജനറൽ എക്സിക്യൂട്ടീവ് വിഭാഗത്തിൽ നിന്ന് നിയമനം നൽകിയിട്ടുള്ള പോലീസ് ഉദ്യോഗസ്ഥന്മാരുടെ തസ്തിക തിരിച്ചുള്ള എണ്ണം വ്യക്തമാക്കുമോ;

(ഡി) സൈബർ പോലീസ് സ്റ്റേഷനിലെ ഉദ്യോഗസ്ഥന്മാർക്ക് സർക്കാർ തലത്തിൽ പരിശീലനം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ഇല്ല.

(ബി) സ്റ്റേറ്റ് ക്രൈം റിക്കോർഡ് ബ്യൂറോയിൽ സ്ഥാപിച്ചിട്ടുള്ള സൈബർ പോലീസ് സ്റ്റേഷൻ പൂർണ്ണമായ രീതിയിൽ പ്രവർത്തനം തുടങ്ങിയിട്ടില്ലാത്തതിനാൽ ഇതുമായി ബന്ധപ്പെട്ട് കേസുകൾ ഒന്നും തന്നെ രജിസ്റ്റർ ചെയ്തിട്ടില്ല.

(സി) & (ഡി) സൈബർ പോലീസ് സ്റ്റേഷനിൽ ഇതുവരെ ആരെയും നിയമിച്ചിട്ടില്ല.

വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മാരകായുധങ്ങൾ

47 [3743] *ശ്രീ. ജോർജ് ജെ. മാത്യു:*

,, ഇ. എം. അഗസ്തി:

,, വി. ജെ. പൗലോസ്:

പ്രൊഫ. കെ. വി. തോമസ്:

ഡോ. എം. എ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ 2 വർഷത്തിനുള്ളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മാരകായുധങ്ങളും സ്ഫോടക വസ്തുക്കളും കല്ല് മുതലായവയും സംഭരിച്ചുവച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly